

കേരള സർക്കാർ

നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

2018-19

ഓഡിറ്റ് റിപ്പോർട്ട്

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.7)1179/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 03/09/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : **നെല്ലിക്കുഴി** ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **നെല്ലിക്കുഴി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം KSA-EKM (പി.7)1179/2019 തിയ്യതി: 03.09.2019

എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ **നെല്ലിക്കുഴി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീമതി ജയ സി. ആർ. , ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	17.06.2019 മുതൽ 29.6.2019വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ അബ്ദുൽ സലാം ടി. ഐ., ഓഡിറ്റ് ഓഫീസർ
	ശ്രീ സജീവ്.എൻ.എം., അസി.ഓഡിറ്റ് ഓഫീസർ
	ശ്രീ പ്രവീൺ വി. എൻ. , ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	:	രഞ്ജിനി രവി	1/4/2018 മുതൽ 31/3/2019വരെ

സെക്രട്ടറി	:	എസ് മനോജ്	1/4/2018മുതൽ 11/12/2018വരെ
		പി പി മൈതീൻ (ഇൻ ചാർജ്ജ്)	12/12/2108മുതൽ 27/12/2018വരെ
		എസ് മനോജ്	28/12/2018മുതൽ 31/3/2019വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ			
ഉദ്യോഗപ്പേര്		പേര്	കാലയളവ്
കൃഷി ഓഫീസർ		നീജമോൾ പി എ	1/4/18 മുതൽ 31/3/19 വരെ
വി ഇ ഒ, ചെറുവട്ടൂർ		സജികുമാർ ബി	1/4/18 മുതൽ 31/3/19 വരെ
വി ഇ ഒ, നെല്ലിക്കുഴി		ബിന്ദ കെ എൻ	1/4/18 മുതൽ 31/3/19 വരെ
എച്ച് എം, യുപിഎസ്		ആബിദ എൻ എം	1/4/18 മുതൽ 31/3/19 വരെ
വെറ്ററിനറി സർജൻ		ഡോ.സീന എൻ എസ്	1/4/18 മുതൽ 31/3/19 വരെ
അസിസ്റ്റന്റ് സെക്രട്ടറി		പി പി മൈതീൻ	1/4/18 മുതൽ 31/3/19 വരെ
എം ഒ , പിഎച്ച്സി		ഡോ.അബിനി കെ ഇ	1/4/18 മുതൽ 23/8/18 വരെ
		ഡോ.ഷെറിൻ പി ഡി	24/8/18 മുതൽ 31/3/19 വരെ
ICDS സൂപ്പർവൈസർ		സിസിലി കുര്യാക്കോസ്	1/4/18 മുതൽ 27/7/18 വരെ
		ഹൈമെബാൻ ടി ഇ	28/7/18 മുതൽ 10/1/19 വരെ
		ഹനീസ	11/1/19 മുതൽ 31/3/19 വരെ
MO ആയുർവേദം		DR.ശുഭ കെ പി	1/4/18 മുതൽ 31/5/18 വരെ
		DR.ഫെയ്സൽ അൻവർ	1/6/18 മുതൽ 30/6/18 വരെ
		DR.ശുഭ കെ പി	1/7/18 മുതൽ 28/11/18 വരെ
		DR.അഭിലാഷ്	29/11/18മുതൽ 30/11/18 വരെ
		DR.നിഷാ സി മാധവൻ	1/12/18 മുതൽ 14/12/18 വരെ
		DR.അനിൽ കെ പി	15/12/18 മുതൽ 31/1/19 വരെ
		DR.രാജേന്ദ്രൻ എൻ എ	31/1/19 മുതൽ 15/3/19 വരെ
		DR. അഭിലാഷ്	16/3/19 മുതൽ 31/3/19 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ		ജസ്ന കെ മുഹമ്മദ്	1/4/18 മുതൽ 29/1/19 വരെ
		ഹരി ആർ	30/1/19 മുതൽ 21/2/19 വരെ
		ബാലകൃഷ്ണൻ എൻ	22/2/19 മുതൽ 31/3/19 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക.	1-2

3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.	1-3
4	സാമ്പത്തിക വിശകലനം(R&P പ്രകാരം)	1-4
5	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-5
6	പദ്ധതി അവലോകനം	1-6
7	തൊഴിലുറപ്പ് പദ്ധതി	1-7
8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് പരിശോധന	1-9
10	ആഭ്യന്തരനിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷിക കണക്കുകളിലെ അപാകതകൾ	1-12
	ഭാഗം 2	
13	വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കാത്തത്	2-1
14	തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്	2-2
15	ഡി & ഒ ലൈസൻസ് എടുക്കാത്തത് സംബന്ധിച്ച്	2-3
16	സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ എടുക്കാത്തത് സംബന്ധിച്ച്	2-4
17	ഇ -ടെണ്ടർ ഫീ ലഭിക്കാത്തത് സംബന്ധിച്ച്	2-5
	ഭാഗം 3	
18	ആദായ നികുതി സ്രോതസ്സിൽ നിന്നും ഈടാക്കിയിട്ടില്ല.	3-1
19	സംസ്ഥാന ലൈഫ് ഇൻഷുറൻസ് പോളിസി പ്രീമിയം അടവാക്കുന്നത് സംബന്ധിച്ച്	3-2
20	ലാപ് ടോപ് വാങ്ങിയതിലെ അപാകത	3-3
21	ലൈഫ് ഭവനം പൂർത്തീകരിക്കാത്തത്	3-4
22	കറവ പശു വിതരണം-അപാകത	3-5
23	തൊലിലുറപ്പ് പദ്ധതി-	3-6
24	ആയുർവേദ ആശുപത്രിയിൽ മരുന്ന് വാങ്ങൽ-മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.	3-7
	ഭാഗം 4	
25	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
26	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
27	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
28	വായ്പ/ വായ്പ തിരിച്ചടവ്	4-4
29	സ്ഥിരനിക്ഷേപങ്ങൾ	4-5
30	ഓഡിറ്റ് റിക്കവറി	4-6
31	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
32	ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം	4-8
33	ഓഡിറ്റ് പ്രത്യവലോകനം	4-9
34	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
35	ഓഡിറ്റ് സർട്ടിഫിക്കറ്റ് (2018-19)	അനുബന്ധം1
36	ബാലൻസ് ഷീറ്റ് (2018-19)	അനുബന്ധം2
37	റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2018-19)	അനുബന്ധം3

38	ഇൻകം ആൻഡ് എക്സ് പെന്റിച്ചർ (2018-19)	അനുബന്ധം 4

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

28/3/2018 തീയതിയിലെ 1-ാം നം.തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 25/2/19 തീയതിയിലെ 1-ാം നം.തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31/7/2019	21.05.2019	-	-

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2018-19	24.6.2019 & 25.06.2019	KSA.EKM/1227(71)/19, Dt.14.8.19

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	7323037.00
വരവ്	158064103.00
ആകെ	165387140.00
ചെലവ്	148386582.00
നീക്കിയിരിപ്പ്	17000558.00

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	22648794	22648794	21951928		696866
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	5248000	5248000	3636570		1611430
വികസന ഫണ്ട്-ടി.എസ്.പി (ACRപ്രകാരം)	0	260000	260000	142183		117817
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	12797000	12797000	12548061		248939
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	4720000	4720000	2642442		2077558

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)		0	10582000	10582000	6598553		3983447
കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം)		0	0	0	-		-
സാക്ഷരത							
ദുരിതാശ്വാസനിധി		217854	28960	246814	10200	236614	
എം.ജി.എൻ.ആർ. ഇ.ജി.എസ്	തൊഴിലാളികളുടെ കൂലി	0	30189947	30189947	30189947	0	
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	23250	724984	748234	717016	31218	
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - ICDS		1165026	1457425	2622451	1489035	1133416	
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്	125513	6876230	7001743	6849534	152209	
	ജില്ലാ പഞ്ചായത്ത്	905135	9875000	1078935	9075000	1705135	
ബി ഫണ്ട്		-	426160	426160	426160	0	
തനത്ഫണ്ട്	ബാങ്ക് അക്കൗണ്ട്	9609459	18323863	27933322	15541095	12392227	
	ട്രഷറി അക്കൗണ്ട്	-4088590	23832739	19744149	18877588	866561	

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
226	235157636	154	126539629	62	10	68

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	23250.59	724984	748234.59	717016.59	31218
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	30189947	30189947	30189947	0
	23250.59	30914931	30938181.59	30906963.59	31218

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	179160	86

കർഷകതൊഴിലാളി പെൻഷൻ	6092300	537
വിധവാപെൻഷൻ	15846700	1363
വാർദ്ധക്യകാലപെൻഷൻ	29170600	2496
വികലാംഗപെൻഷൻ	7807800	646
സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം	150000	25
50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	150000	5

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27/6/2019 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14628/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട്.

2. സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓഫീസ് സ്റ്റാഫ് മീറ്റിങ്ങുകൾ എല്ലാ മാസങ്ങളിലും കൂടി ഓഫീസ് പ്രവർത്തനങ്ങളുടെ പുരോഗതികൾ/ പോരായ്മകൾ വിലയിരുത്തേണ്ടതാണ്.

3. പഞ്ചായത്ത് വക വാഹനത്തിന്റെ ലോഗ് ബുക്കിൽ ഓരോ മാസത്തേയും ഇന്ധനഉപയോഗം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. മൈലേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4. മരാമത്ത് പ്രവർത്തികളുടെ ഫയലിലും കരാറിലും പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

5. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ കൃത്യമായി നമ്പറുകൾ ഇട്ട് സൂക്ഷിക്കുന്നുണ്ട്.

6. രസീത് വഴിയുള്ള പണം വരവ്, അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും. നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

7. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

8. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട ഇ-ടെണ്ടർ ഫീസ്, (ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക) തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റികളും കൈകൊള്ളേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15.5.2019	2/19, 3/19, 4/19	11.6.2019
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	16.11.2018	2013-14 മുതൽ 2017-18 വരെ	31.12.2018

1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

ഇല്ല

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കാത്തത്

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 24.02.2015 ലെ സ.ഉ (അ) 36/2015/തസ്വഭവ നമ്പർ ഉത്തരവ് (എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം) പ്രകാരം താഴെപ്പറയുന്ന വിവിധ വിഭാഗങ്ങളിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിലേക്കായി, ഉപയോഗക്രമത്തിനനുസരിച്ച്, ഒരു ച.മീ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുൾ നിശ്ചയിക്കുന്നതിനായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(എ) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ.

(ബി) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യത്തിന് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, ക്യാന്റീൻ.

(സി) മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്ട് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ.

(ഡി) ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ.

എന്നാൽ ഈ ഉത്തരവ് പ്രകാരം ക്രമനമ്പർ (സി), (ഡി) എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല, ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 25.06.19 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുൾ നിശ്ചയിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-2 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ഈടാക്കത്തത്	അർദ്ധ വർഷം 2018-19
1	കോതമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, നെല്ലിക്കുഴി ബ്രാഞ്ച്	സ്ഥാപനങ്ങളുടെ തൊഴിൽ നികുതി	1, 2
2	കോതമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, തൃക്കാരിയൂർ ബ്രാഞ്ച്	സ്ഥാപനങ്ങളുടെ തൊഴിൽ നികുതി	1, 2
3	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, നെല്ലിക്കുഴി ബ്രാഞ്ച്	സ്ഥാപനങ്ങളുടെ തൊഴിൽ നികുതി	2
4	മൂവാറ്റുപുഴ അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, നെല്ലിക്കുഴി ബ്രാഞ്ച്	സ്ഥാപനങ്ങളുടെ തൊഴിൽ നികുതി	2
5	എറണാകുളം ജില്ല സഹകരണ ബാങ്ക് ലിമിറ്റഡ്, നെല്ലിക്കുഴി ബ്രാഞ്ച്	സ്ഥാപനങ്ങളുടെ തൊഴിൽ നികുതി	2

6	ധനശക്തി ഫൈനാൻസ് (പ്രൈ) ലി., തൃക്കാരിയൂർ	സ്ഥാപനങ്ങളുടെ തൊഴിൽ നികുതി	1, 2
7	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, നെല്ലിക്കുഴി	സ്ഥാപനങ്ങളുടെ തൊഴിൽ നികുതി	1, 2

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.10 ന് തുക ഈടാക്കിയ സ്ഥാപനങ്ങളുടെ രസീതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-3 ഡി & ഒ ലൈസൻസ് എടുക്കാത്തത് സംബന്ധിച്ച്

സഞ്ചയ പ്രകാരം താഴെപ്പറയുന്ന വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട് (31.03.2019 വരെ.). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉപയോഗക്രമം അനുസരിച്ചുള്ള സ്ഥാപനങ്ങൾ	എണ്ണം
1	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം	2624
2	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം	165
3	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ വരെ തറ വിസ്തീർണ്ണം വരെ	2
4	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം വരെ	13
5	വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ.....	11
6	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ	93
7	വ്യവസായത്തിനാവശ്യമുള്ള കൈത്തറി ഷെഡ്.....	63
8	വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ക്യാന്റീൻ, വർക്ക്ഷോപ്പ്	1
9	മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്ട് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ.	-
	ആകെ	2972

സഞ്ചയ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തിയതിൽ പഞ്ചയത്ത് പരിധിയിൽ ആകെ 2972 വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 453 സ്ഥാപനങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ഇതിൽ നിന്നും വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാണ്. എല്ലാ വാണിജ്യ/വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ടേഡേഴ്സ് ലിസ്റ്റ് ഉണ്ടാക്കുകയാണെങ്കിൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സഹായകരമാകും. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനാവാശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-4 സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ എടുക്കാത്തത് സംബന്ധിച്ച്

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. എന്നാൽ കെട്ടിട നമ്പർ 12/451 A,B,C- ൽ പ്രവർത്തിക്കുന്ന നിംസ് ഹോസ്പിറ്റൽ, നെല്ലിക്കുഴി എന്ന സ്ഥാപനം രജിസ്ട്രേഷൻ എടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കുന്നതിനായി 28.06.19 ൽ നൽകിയ എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടം 8 പ്രകാരം വ്യവസ്ഥകൾക്കു വിരുദ്ധമായോ രജിസ്റ്റർ ചെയ്യാതെയോ ഒരു സ്വകാര്യ ആശുപത്രി പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റം ചെയ്ത സ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപവരെയാകാവുന്ന അധിക

പിഴ ശിക്ഷയും നൽകാവുന്നതാണ്. പ്രസ്തുത സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-5 ഇ -ടെണ്ടർ ഫീ ലഭിക്കാത്തത് സംബന്ധിച്ച്

ഇ -ടെണ്ടർ ഫീയിനത്തിൽ ലഭിക്കേണ്ട വരുമാനം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ല. ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് മാറ്റപ്പെടുന്നത്. പഞ്ചായത്തിന് ലഭിക്കേണ്ട തുകയാണ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഉള്ളത്. 2015-16, 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഈയിനത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ആകെ തുക 1,59,900/- രൂപയാണ്.

2015-16	– 3400.00
2016-17	– 11800.00
2017-18	– 80000.00
2018-19	– 64700.00
ആകെ തുക	– 159900.00

മുൻവർഷങ്ങളിലേതുൾപ്പെടെ ലഭിക്കേണ്ട തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വയ്ക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ആദായ നികുതി സ്രോതസ്സിൽ നിന്നും ഈടാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ	എസ്.ഒ 001/19
പ്രോജക്ടിന്റെ പേര്	പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	250000
ചെലവ്	91580(ബിൽ നം.01/18-19 തീ.14.06.2019 5898(ബിൽ നം.08/18-19 തീ.29.06.2019 19820(ബിൽ നം.17/18-19 തീ.28.09.2018 20400(ബിൽ നം.20/18-19 തീ.28.11.2019) 27270(ബിൽ നം.23/18-19 തീ.11.01.2019) 12532(ബിൽ നം.24/18-19 തീ.26.02.2019) 11088(ബിൽ നം.38/18-19 തീ.25.03.2019) 188588

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി 2018-19 വർഷം നിർവ്വഹണം നടത്തിയ പദ്ധതി രൂപീകരണം ,നിർവ്വഹണം,മോണിറ്ററിംഗ് എന്ന പ്രോജക്ടിൽ 188588 രൂപ ചെലവഴിച്ചിരുന്നു. അതിൽ 181054/- രൂപ പദ്ധതി രൂപികരണത്തിന് ആവശ്യമായ പ്രിന്റിംഗ് ജോലി ചെയ്ത ഇനത്തിൽ അബേദ് പ്രിന്റിംഗ്,ചെറുവറ്റൂർ എന്ന സ്ഥാപനത്തിന് നൽകിയിരുന്നു.1961ലെ ആദായനികുതി നിയമം 194(സി) വകുപ്പ് പ്രകാരം കരാർ സേവനങ്ങൾക്കുള്ള പ്രതിഫലമായി തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 1% തുക സ്രോതസ്സിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1810/- രൂപ ആദായ നികുതി ഇനത്തിൽ ബന്ധപ്പെട്ട ഹെഡിൽ അടക്കേണ്ടതാണ്.

3-2 സംസ്ഥാന ലൈഫ് ഇൻഷുറൻസ് പോളിസി പ്രീമിയം അടവാക്കുന്നത് സംബന്ധിച്ച്

(1) സ്റ്റേറ്റ് ലൈഫ് ഇൻഷ്യുറൻസ് വകുപ്പിന്റെ 04.10.2016 ലെ സ.ഉ (അച്ചടി) നം149/16/ധന- പ്രകാരം അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി താഴെ ചേർത്തിട്ടുള്ള വിധം എസ്.എൽ.എ പ്രീമിയം

വർദ്ധിപ്പിച്ചിട്ടുണ്ട്.

അടിസ്ഥാന ശമ്പളം	തുക
17999 വരെ	200 രൂപ
18000 മുതൽ 35699 വരെ	300 രൂപ
35700 മുതൽ 55349 വരെ	500 രൂപ
55350 മുകളിൽ	600 രൂപ

എന്നാൽ ഗ്രാമപഞ്ചായത്തിലെ 05/2019 ലെ ശമ്പള ബിൽ പ്രകാരം താഴെപ്പറയുന്ന ജീവനക്കാരുടെ പ്രീമിയം തുക കുറവായിട്ടാണ് അടവാക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പേര്	അടിസ്ഥാന ശമ്പളം	അടക്കുന്ന പ്രീമിയം	അടവാക്കേണ്ട പ്രീമിയം	കുറവ്
ശ്രീ. ബിജി പോൾ, അക്കൗണ്ടന്റ്	33900	150	300	150
ശ്രീ. ആസാദ്. കെ, സീനിയർ ക്ലാർക്ക്	34800	200	300	100

(2) കെ.എസ്.ആർ I-ചട്ടം 22 എ, ജി.ഒ.പി 556/2008/ധന/16.12.2008 എന്നിവ പ്രകാരം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷുറൻസ് പോളിസി എടുക്കേണ്ടതാണ്. എന്നാൽ ഈ ഓഫീസിൽ ഫെബ്രുവരി 2019 ൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. ഡിലു അനിൽ നാളിതുവരെ സംസ്ഥാന ലൈഫ് ഇൻഷുറൻസ് പോളിസി എടുത്തിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവ് പ്രകാരമുള്ള തുക അടവാക്കാത്തിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 28.06.19 ൽ നൽകിയ എൻക്വയറി നം. 13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച പോളിസി തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-3 ലാപ് ടോപ് വാങ്ങിയതിലെ അപാകത

പ്രോജക്ട് നമ്പർ	എസ്.ഒ 38/19
പ്രോജക്ടിന്റെ പേര്	പട്ടികജാതി ബിരുദം, പ്രൊഫഷണൽ, ബിരുദാനന്തരം, പോളി ടെക്നിക് -വിദ്യാർത്ഥികൾക്ക് ലാപ് ടോപ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.സെക്രട്ടറി
അടങ്കൽ	480000
ചെലവ്	456000(ബിൽ നം.12/18-19 തീ.18.03.2019

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി ബിരുദം, പ്രൊഫഷണൽ ബിരുദാനന്തരം, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് എന്ന പദ്ധതി പ്രകാരം 16 വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികളിൽ 4 കമ്പനികൾ പങ്കെടുത്തിരുന്നതിൽ എ.കെ.എം സ്പെസിഫിക്കേഷൻ പ്രകാരം Acer Core i3 7th generation 7130 ലാപ് ടോപ് വാങ്ങുന്നതിന് തീരുമാനിച്ചു. മേൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപുകൾ കുറഞ്ഞ തുക കോട്ട് ചെയ്തത് ഷാർപ്പ് സിസ്റ്റംസ് 27399/-രൂപ,Monger Box trade Ernakulam 28700/- രൂപ എന്നീ നിരക്കിലാണ്. Sharp system and Services ലഭ്യമാക്കിയ 27399/-രൂപ അംഗീകരിക്കുകയും എഗ്രിമെന്റ് വെയ്ക്കുന്നതിന് വേണ്ടി നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ 22.01.2019 ലെ 612/സി2-9284/18 പ്രകാരമുള്ള കത്ത് മുഖേന മേൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപുകൾ നിലവിൽ സ്റ്റോക്ക് ഇല്ലായെന്നും അതിന് പകരം Acer Core i3 7th generation 7100 ലാപ് ടോപ്പ് 28500 രൂപയ്ക്ക് ലഭ്യമാക്കാമെന്നും Sharp system and Services പഞ്ചായത്തിൽ അറിയിച്ചു. 28.01.2019 ലെ 2/11 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1) Acer Core i3 7th generation 7130 ലാപ് ടോപ് സ്റ്റോക്ക് ഇല്ലായെന്നുള്ള അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ കുറഞ്ഞ നിരക്ക് അതായത് 28700/-രൂപയ്ക്ക് കോട്ട് ചെയ്ത Monger Box trade Ernakulam എന്ന സ്ഥാപനത്തിൽ നിന്നും 27399/-രൂപയ്ക്ക് Acer Core i3 7th generation 7130 ലാപ് ടോപ് ലഭ്യമാക്കാൻ നെഗോസിയേഷൻ നടത്തേണ്ടതായിരുന്നു.അത്തരം നെഗോസിയേഷൻ നടത്തിയിട്ടില്ല.
2) കൂടാതെ Monger Box trade Ernakulam എന്ന സ്ഥാപനം ലാപ് ടോപിന് 5 വർഷം OEM വാറന്റി ടെൻഡർ പ്രകാരം സ്പെസിഫൈ ചെയ്തിരുന്നു. Sharp system and Services 3 വർഷം OEM വാറന്റിയാണ് കരാർ പ്രകാരം ലഭ്യമാക്കിയിട്ടുള്ളത് .

3) ലഭ്യമാക്കിയ ലാപ് ടോപ്പുകൾക്ക് മാർക്കറ്റിൽ 25000/- രൂപയാണ് നിലവിലെ വില. 16 ലാപ് ടോപ്പുകൾ വാങ്ങുമ്പോൾ വില കുറവ് ലഭിക്കേണ്ടതാണ്. പഞ്ചായത്തിലേക്ക് വാങ്ങലുകൾ നടത്തുമ്പോൾ ഇത്തരം വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

3-4 ലൈഫ് ഭവനം പൂർത്തീകരിക്കാത്തത്

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനം (ജനറൽ) എന്ന പദ്ധതിയിൽ 299 ഗുണഭോക്താക്കൾക്ക് ഭവനം പൂർത്തികരിക്കുന്നതിന് ധനസഹായം ലഭിച്ചിരുന്നു. 4 ഗഡുക്കളായിട്ടാണ് ധനസഹായം നൽകിയത്. താഴെപ്പറയുന്ന രീതിയിലാണ് നിലവിൽ പണി പൂർത്തീകരിച്ചിരിക്കുന്നത്.

പൂർത്തികരണ സ്റ്റേജ്	ഗുണഭോക്താക്കളുടെ എണ്ണം
ബേസ്ബമെന്റ്	24
ലിന്റൽ	50
റൂഫ്	164
മുഴുവൻ പൂർത്തീകരിച്ചത്	60

ആകെയുള്ള 299 ഗുണഭോക്താക്കളിൽ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 239 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-5 കറവ പശു വിതരണം-അപാകത

പ്രോജക്ട് നമ്പർ	12/18
പ്രോജക്ടിന്റെ പേര്	കറവ പശു വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിറിനറി സർജൻ
അടങ്കൽ	2310000
ചെലവ്	2310000(ബിൽ നം.1/18-19 തീ.11.12.18- 420000 ബിൽ നം.2/18-19 തീ.18.01.19-380000 ബിൽ നം.5/18-19 തീ.07.02.19-40000 ഗുണഭോക്തൃ വിഹിതം 1470000)

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം വെറ്റിറിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ''കറവ പശു വിതരണം'' എന്ന പദ്ധതിയിൽ 49 ഗുണഭോക്താക്കൾക്ക് കന്നുകാലികളെ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ കന്നുകാലികളെ വളർത്താൻ അടിസ്ഥാനമായിട്ടുള്ള പശുതൊഴുത്ത് ഉള്ളവർക്കാണോ നൽകിയതെന്ന് വ്യക്തമല്ല. ഫയലിൽ ലഭ്യമാക്കിയ ഫോട്ടോ പരിശോധിച്ചതിൽ അത്തരം തൊഴുത്ത് ഉള്ളവർക്കാണ് നൽകിയതെന്ന് കാണുന്നില്ല. മാർഗ്ഗ രേഖ പ്രകാരം പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്ക് മുൻഗണന നൽകണം എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും എപ്രകാരമാണ് അത്തരം വിലയിരുത്തൽ നടത്തിയതെന്ന് വ്യക്തമല്ല. കൂടാതെ പശുവിന്റ വില നിശ്ചയിക്കേണ്ടത് പാലിന്റെ അടിസ്ഥാനത്തിലാണ്. എത്ര ലിറ്റർ പാൽ ലഭിക്കുന്ന പശുവാണെന്ന് കൂടി രേഖപ്പെടുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകത വരാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3-6 തൊഴിലുറപ്പ് പദ്ധതി--

നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിൽ 2018-19 ഓഡിറ്റ വർഷം തൊഴിലുറപ്പു പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടേയും വിശദാംശം ചുവടെ ചേർക്കുന്നു.,

തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം	4084
രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം	5370
തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം	2100
തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം	2492
സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	103110
ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ	59.6
100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ	416

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 59.6 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 2100 കുടുംബങ്ങളിൽ കേവലം 416 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. അതായത് കേവലം 19.80%. സാമ്പത്തിക പ്രയാസമനുഭവിക്കുന്ന അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3-7 ആയുർവേദ ആശുപത്രിയിൽ മരുന്ന് വാങ്ങൽ-മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ	എസ്.ഒ 014/19
പ്രോജക്ടിന്റെ പേര്	ആയുർവേദ ആശുപത്രിയിൽ മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫിസർ, ചെറുവറ്റൂർ
അടങ്കൽ	800000
ചെലവ്	800000(ബിൽ നം:26/18-19 തീയതി 04.09.18)

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ 2018-19-ൽ ആയുർവേദ ഡോക്ടർ നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പദ്ധതിയിൽ 800000/- രൂപ ഔഷധിക്ക് നൽകിയിരുന്നു. എന്നാൽ 777156/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയത്. 800000-777156=22844/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2018-19	9000000	ലൈഫ് ഭവന പദ്ധതി	8200000	800000

	2018-19	425000	സമഗ്ര നെൽകൃഷി വികസനം	425000	0
,,	2018-19	300000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	300000	0
,,	2018-19	150000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	150000	0
ബ്ലോക്ക്പഞ്ചായത്ത്	2018-19	4327710	ലൈഫ് ഭവന പദ്ധതി	4322698	5012
,,	2018-19	400000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	400000	0
,,	2018-19	350000	അങ്കണവാടി കെട്ടിടനിർമ്മാണം	317166	32834
ബ്ലോക്ക്പഞ്ചായത്ത്	2018-19	748520	അങ്കണവാടി കെട്ടിടനിർമ്മാണം	0	748520
,,	2018-19	550000	അങ്കണവാടി കെട്ടിടനിർമ്മാണം	539903	10097
,,	2018-19	500000	അങ്കണവാടി നവീകരണം	0	500000

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക	റിമാർക്സ്
KSEB	പ്രോജക്ട്- 220/19 ലൈൻ എക്സ്റ്റൻഷൻ, സ്ട്രീറ്റ് ലൈറ്റ്	21800229/ 28.6.18	203314	-	203314	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല
PWD	പ്രോജക്ട് -171, ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ	21801634/ 12.6.18	173550	-	173550	,,

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
EMS ഭവനവായ്പ	564/10 തസ്വഭവ തീയതി.22/2/2010	15729000	1434834	1434834	-	0

ലൈഫ്	68/18 തീയതി.18/5/18	48692248	-	-	-	48692248

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ /തിയ്യതി
2015-16	2.1	2500	രാജു പോൾ	118020109963/ തീയതി. 21.3.19
,,	,,	2500	,,	118020109964/ തീയതി.21.3.19
,,	,,	2500	അരുൺ ഡേവിഡ്	118020104483/ തീയതി.25.10.18

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	15,80,64,103
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	14,83,86,582
വരവിനങ്ങളിലുള്ള നഷ്ടം	:	--
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	1,810
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	-

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	1810	എസ്. മനോജ്, സെക്രട്ടറി

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും, ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
എസ്. മനോജ്, സെക്രട്ടറി	സെക്രട്ടറി, നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്	അനുപമ, പുല്ലുവഴി പി.ഒ, കീഴില്ലം, പെരുമ്പാവൂർ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	എൽ.എഫ്.ഇ(പി1)717/1998 dt.13.1.99
1997-98	എൽ.എഫ്.ഇ(പി1)1583/1999 dt.14.6.00
1998-99	എൽ.എഫ്.ഇ(പി1)1106/2001 dt.24.6.02
1999-00	എൽ.എഫ്.ഇ(പി1)689/2002 dt.9.12.02
2000-01	എൽ.എഫ്.ഇ(പി1)1334/2002 dt.7.5.04
2003-04	എൽ.എഫ്.ഇ(പി1)1315/2010 dt. 11.1.12
2004-05	എൽ.എഫ്.ഇ(പി1)1316/2010 dt.11.1.12
2006-07	എൽ.എഫ്.ഇ(പി1)1521/2010 dt.2.12.11
2007-08	എൽ.എഫ്.ഇ(പി7)1118/2012 dt.24.7.12
2008-09 2009-10 2010-11	എൽ.എഫ്.ഇ(പി7)1118/2012 dt.24.7.12 എൽ.എഫ്.ഇ(പി7)1118/2012 dt.24.7.12 എൽ.എഫ്.ഇ(പി7)1118/2012 dt.24.7.12
2011-12	എൽ.എഫ്.ഇ(പി1)1319/2014 dt.4.10.14
2012-13	എൽ.എഫ്.ഇ(പി1)1319/2014 dt.4.10.14
2013-14 2014-15	കെ എസ് എ -ഇ കെ എം(പി7)962/16 dt.24.6.16
2015-16	കെ എസ് എ-ഇ കെ എം(പി7)2200/2016 dt.31.1.17
2016-17	കെ എസ് എ-ഇ കെ എം(പി7)1854/2017 തീയതി .18.11.17
2017-18	കെ എസ് എ-ഇ കെ എം(പി7)153/2019/തീയതി 19.03.2019

അവശേഷിക്കുന്ന റിപ്പാർട്ടുകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1
ഓഡിറ്റ് സർട്ടിഫിക്കറ്റ് 2018-19

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ** 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-2

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ. (എം.എസ്) 152/2011/തസ്വഭവ/20.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. B-11 ഷെഡ്യൂളിൽ വാഹനത്തിന്റെ മൂല്യം 12,45,000/- മാത്രമാണ്. എന്നാൽ ഡിപ്രിസിയേഷൻ 13,69,500/- രൂപയാണ്.

4. വസ്തു നികുതി B-15 ഷെഡ്യൂളിൽ പിരിച്ചെടുക്കാനുള്ളത് ലൈബ്രറി സെസ് ഉൾപ്പെടെ 27,01,708/- രൂപയാണ്. ആയതിന്റെ ലൈബ്രറി സെസ്സ് കാണേണ്ടത് 1,28,652/- രൂപയാണ്. എന്നാൽ ഷെഡ്യൂളിൽ 1,34,448/- രൂപ എന്നാണ് ചേർത്തിരിക്കുന്നത്.

ഡെപ്യൂട്ടി ഡയറക്ടർ

ANNEXURE I

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Nellikkuzhi Grama Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section ‘ 4’ of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Nellikkuzhi Grama Panchayat** for the year 2018-19 subject to the observations in the Annexure II, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

ANNEXURE II

Defects Identified on Verification of Nellikuzhi Grama Panchayat Annual Financial Statement for the year 2018-19.

1) The accounts of Property Tax in AFS differs with Sanchaya accounts.

2) As per G.O (M.S) 152/2011/LSGD, 20.7. 2011, Assets including land are not completely accounted and recorded in Asset Register, and not reconciled with the AFS.

3) As per B -11 Schedule, value of the asset – Vehicle is Rs. 1245000/-, but depreciation of the same is Rs. 13,69,500/-

4) An amount of Rs. 27,01,708/- is shown in B-15 schedule, which is to be collected as property tax including Library Cess. The Cess amount is Rs. 128652/- where as the same is erroneously accounted as Rs. 1,34,448/-.

DEPUTY DIRECTOR